**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3086** **11-03-2025 - ൽ മറുപടിയ്ക്ക്**

**റോഡ് പുനർനാമകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിന് പോകുന്ന റോഡിന്റെ മുത്തോലിപുരം മൂഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്കു സമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പ്രസ്തുത റോഡിന്റെ നാമകരണവുമായി ബന്ധപ്പെട്ട് തടസ്സങ്ങളൊന്നും തന്നെ ഇല്ല എന്നറിയിച്ചുകൊണ്ടുള്ള കോട്ടയം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08-02-2024 തീയതി കത്ത് പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ 13-02-2024 തീയതി കത്ത് മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത വിഷയത്തിൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് വിഭാഗം) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കാമോ; ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കാനുള്ള കാലതാമസം എന്തെന്ന് വിശദീകരിക്കാമോ? | (ബി) | പ്രസ്തുത റോഡിന്റെ നാമകരണവുമായി ബന്ധപ്പെട്ട് തടസ്സങ്ങളൊന്നും തന്നെ ഇല്ല എന്നറിയിച്ചുകൊണ്ടുള്ള കോട്ടയം നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 08-02-2024 തീയതി കത്ത് പൊതുമരാമത്ത് നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ 13-02-2024 തീയതി കത്ത് മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ കോട്ടയം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ